03/01/2022.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.384(5)/20/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No.2206/SIC-G7/2020

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 29.11.2021

ശ്രീ.രാജു ജോൺ,
വരിയ്ക്കമൊക്കൽ വീട്,
വാഴക്കുളം പി.ഒ,
മൂവാറ്റുപുഴ – 686 670,
എറണാകുളം. — അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്, കല്ലൂർക്കാട് പി.ഒ,
എറണാകുളം – 686 668.

അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം,
മൂവാറ്റുപുഴ പി.ഒ, എറണാകുളം – 686 661. — എതിർകക്ഷികൾ

### ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 16.08.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 16.09.2019 |
| ഒന്നാംഅപ്പീൽ | 25.10.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 29.10.2019 |
| രണ്ടാംഅപ്പീൽ | 07.02.2020 |
| ഹിയറിംഗ് തീയതി | 16.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, മഞ്ഞള്ളൂർ പഞ്ചായത്ത് 13–ാം വാർഡിൽ കൂടി കടന്നു പോകുന്ന എത്ര പൊതു മരാമത്ത് വകുപ്പ് റോഡുകൾ ഉണ്ട്, ടി റോഡുകളുടെ പേര്, നീളം, വീതി, ടി റോഡുകൾ എവിടെ നിന്ന് ആരംഭിച്ച് എവിടെ അവസാനിക്കുന്നു, മൂവാറ്റുപുഴ – തൊടുപുഴ റോഡിൽ വാഴക്കുളം ടൗണിന്റെ കിഴക്ക് ഭാഗത്ത് കേരള ഗ്രാമീൺ ബാങ്ക് വാഴക്കുളം ശാഖയുടെ സമീപത്ത് നിന്നും ആരംഭിച്ച് തെക്കോട്ട് പോയി ഇൻഫന്റ് ജീസസ് ഹൈസ്കൂളിന്റെയും കാർമ്മൽ മൊണാസ്ട്രിയുടെയും ലയൺസ് ക്ലബിന്റെയും സമീപത്ത് കൂടി തെക്കുംമലഭാഗത്തേക്ക് പോകുന്ന റോഡ് പൊതുമരാമത്ത് റോഡാണോ, എന്നിങ്ങനെയുള്ള വിവരമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നു രണ്ടും എതിർകക്ഷികളിൽ നിന്നു വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി.

3. വിവരാവകാശ അപേക്ഷയിൻമേൽ പൂർണ്ണമായ വിവരം നൽകിയിട്ടില്ല എന്നും തെറ്റായ വിവരങ്ങൾ ആണ് നൽകിയിട്ടുള്ളത് എന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള റോഡ് പഞ്ചായത്ത് റോഡായിരുന്നു എന്നും എന്നാൽ 2009 ൽ പി.ഡബ്ല്യു.ഡി ഏറ്റെടുത്തു എന്നും ടി റോഡ് ഏറ്റെടുക്കുമ്പോൾ എത്ര വീതിയുണ്ടായിരുന്നു ടി റോഡിന്റെ നീളം, പേര്, എവിടെ തുടങ്ങി എവിടെ അവസാനിന്നുന്നു എന്നിങ്ങനെയുള്ള വിവരമാണ് ആവശ്യപ്പെട്ടിരുന്നത് ആയതിന് ഒന്നാം എതിർകക്ഷി മറുപടി നൽകിയില്ല എന്നും ആവശ്യപ്പെട്ട മുഴുവൻ വിവരവും ലഭ്യമാക്കണമെന്നുമാണ് ഹർജിക്കാരൻ അറിയിച്ചത്.

4. പഞ്ചായത്ത് വാർഡ് അതിർത്തികളും നമ്പരും പലപ്പോഴും മാറി വരുന്നതായതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള പൊതുമാരാമത്ത് വകുപ്പിന്റെ റോഡ് വിവരങ്ങൾ രേഖപ്പെടുത്തി വച്ചിട്ടില്ല എന്നും ആസ്തി രജിസ്റ്റർ പ്രകാരം വാഴക്കുളത്ത് നിന്ന് ആരംഭിച്ച് തെക്കുംമല ജംഗ്ഷനിൽ അവസാനിക്കുന്ന തെക്കുംമല–വാഴക്കുളം റോഡിന് 3.75 കിലോമീറ്റർ നീളമുണ്ട് എന്നും താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച സ്കെച്ച് ലഭ്യമല്ലാത്തതിനാൽ വീതി കൃത്യമായി വ്യക്തമാക്കിയിട്ടുള്ള രേഖകൾ ലഭ്യമല്ല എന്നുമാണ് ഒന്നാം എതിർകക്ഷി അറിയിച്ചത്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് പരാമർശിത കാലയള വിലെ എസ്.പി.ഐ.ഒ നിരുത്തരവാദപരമായ മറുപടിയാണ് നൽകിയിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമപ്രകാരം 30 ദിവസത്തി നുള്ളിൽ മറുപടി നൽകണമെന്ന് സദുദ്ദേശത്തോടെ നൽകിയ മറുപടിയായി 16.09.2019 ലെ മറുപടിയെ കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ കമ്മീഷൻ ഹിയറിംഗ് നോട്ടീസ് അയച്ചു നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ അപേക്ഷയിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ എസ്.പി..ഐ.ഒ മറുപടി നൽകിയതിൽ നിന്നും മനസ്സിലാകുന്നത് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ വിവരം മറച്ചു വച്ചു എന്നാണ്. വിവരം മറച്ചു വച്ചു കൊണ്ട് അപേക്ഷകന്റെ അറിയാനുള്ള അവകാശത്തെ നിഷേധിച്ച എസ്.പി.ഐ. ഒയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരമായ വീഴ്ചയു മായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറി യിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെ ങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായി രിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ നൽകിയ മൊഴി പരിശോധിച്ചതിൽ നിന്നും ഒരു മാനുഷിക പരിഗണന അർഹിക്കുന്ന വിഷയം ഇതിന്റെ പിന്നിലുണ്ട് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പരാമാവധി വിവരം ശേഖരിച്ചുകൊണ്ടാണ് റിപ്പോർട്ട് നൽകിയത് എന്നും കൂടുതൽ വിവരം ആവശ്യമെങ്കിൽ പഞ്ചായത്തു മായി ബന്ധപ്പെട്ട് വിവരം കൂടി ശേഖരിച്ച് നൽകാം എന്ന് ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ അറിയിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് പരമാവധി വിവരം ശേഖരിച്ച് അപ്പീൽഹർജിക്കാരന്

ഓഫീസർ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ ഉത്തരവ്

നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ ടി വിവരം അറിയിക്കേണ്ടതുമാണ്

7. **ഇപ്രകാരം ഈ അപ്പീൽഹർജിയിൽ ഇന്നേദിവസം 2021 നവംബർ മാസം 29 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**